# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1043 — 01/03/2017-ൽ മറുപടിയ്ക്ക്

## മദ്യ വിൽപ്പന ശാലകൾ മാറ്റി സ്ഥാപിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ബഹു.സുപ്രീംകോടതി വിധിയെ തുടർന്ന് സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർഫെഡിന്റെയും വിദേശ മദ്യ വിൽപ്പന ശാലകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) മാറ്റിസ്ഥാപിക്കേണ്ട ഔട്ട് ലറ്റുകൾക്കായി സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 500 മീറ്റർ ദൂരപരിധി പാലിക്കുന്നതും അബ്കാരി നിയമത്തിലെ എല്ലാ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായതും ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിനായി കൂടുതൽ വില്പന കൗണ്ടറുകളും സെൽഫ് ഹെൽപ്പ് പ്രീമിയം കൗണ്ടറുകളും ആരംഭിക്കുന്നതിനുമായി കൂടുതൽ സ്ഥലവിസ്തൃതിയുള്ളതുമായ കെട്ടിടങ്ങളാണ് ഇപ്പോൾ കണ്ടെത്തുന്നത്. മാറ്റേണ്ട ഓരോ ഷോപ്പിനും പകരം 4 കെട്ടിടങ്ങൾ കണ്ടെത്തുകയും അതിൽ ഏറ്റവും അനുയോജ്യമായത് തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. |
| (ബി) മദ്യശാലകൾ മാറ്റി സ്ഥാപിക്കുന്നിടങ്ങളിൽ ജനങ്ങളിൽ നിന്നും പ്രതിഷേധം ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (സി) മദ്യശാലകൾ മാറ്റി സ്ഥാപിക്കാനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾക്ക് ഒരു പൊതുമാനദണ്ഡം ആവിഷ്കരിക്കുമോ; വിശദമാക്കുമോ? | പരിശോധിക്കുന്നതാണ്. |

Sreedev

സെക്ഷൻ ഓഫീസർ